## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2927** — **22.02.2016-ൽ മറുപടിക്ക്**

## നിർഭയ പദ്ധതി പ്രകാരമുള്ള കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജി.സുധാകരൻ** | | **ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** | |
| (എ) | നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം ആലപ്പുഴ നഗരസഭയിൽ നിലവിലുണ്ടോ; വിശദമാക്കുമോ ; | (എ) | നിർഭയ പദ്ധതി പ്രകാരം ആലപ്പുഴ നഗരസഭയിൽ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ഈ കെട്ടിടം ഉപയോഗിക്കാൻ 2012-ൽ തീരുമാനിച്ചിരുന്നത്; 2012-ലെ നയരേഖയിൽ ഉൾപ്പെടാത്ത ഏതെങ്കിലും പദ്ധതിയ്ക്കായി ടി കെട്ടിടമോ, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗമോ നൽകാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത കെട്ടിടത്തിൽ നിർഭയ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; | (സി) | ബാധകമല്ല |
| (ഡി) | നിർഭയ പദ്ധതി വിഭാവനം ചെയ്യുന്ന സ്ത്രീ സുരക്ഷയും ശാക്തീകരണവും സ്വയം പര്യപ്തതയ്ക്കും ഉതകുന്ന പ്രവർത്തനം നടത്തുന്നതിന് തയ്യാറായി ഏതെങ്കിലും അംഗീകൃത സന്നദ്ധ സഹകരണ സംഘങ്ങൾ നഗരസഭയ്ക്ക് കത്തു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | കത്ത് ലഭിച്ചതായി കാണുന്നില്ലായെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ അത് ആരൊക്കെയാണെന്നും അതു സംബന്ധിച്ച് എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്നും വെളിപ്പെടുത്തുമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ